# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4596 — 18/05/2017-ൽ മറുപടിക്ക്

## കായംകുളം താപവൈദ്യുത നിലയം കെ.എസ്.ഇ.ബി. ഏറ്റെടുക്കുന്നത് സംബന്ധിച്ച നിർദ്ദേശം

| | ചോദ്യം<br><br>ശ്രീ.മഞ്ഞളാംകുഴി അലി | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കായംകുളം താപവൈദ്യുത നിലയത്തിന് കെ.എസ്.ഇ.ബി. നൽകി വരുന്ന ഫിക്സഡ് ചാർജ്ജ് എത്ര രൂപയാണ്; ഇത് വർദ്ധിപ്പിച്ച് നൽകുന്നതിനായി എന്തെങ്കിലും ആവശ്യം ബോർഡിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതിനാണ് അപേക്ഷ ലഭിച്ചിട്ടുള്ളത്; | (എ) | കായംകുളം താപവൈദ്യുത നിലയത്തിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നൽകി വരുന്ന ഫിക്സഡ് ചാർജ്ജ് പ്രതിവർഷം 207.13 കോടി രൂപയാണ്.<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നൽകി വരുന്ന ഫിക്സഡ് ചാർജ്ജ് വർദ്ധിപ്പിച്ച് നൽകണമെന്ന് എൻ.റ്റി.പി.സി. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനോട് ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നൽകി വരുന്ന ഫിക്സഡ് ചാർജ്ജ് വർദ്ധിപ്പിച്ച് നൽകണമെന്ന് എൻ.റ്റി.പി.സി. കേന്ദ്രവൈദ്യുതി റഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെടുകയും ആയതിൻ പ്രകാരം 27.10.2016 – ലെ ഉത്തരവ് പ്രകാരം ഫിക്സഡ് ചാർജ്ജ് പ്രതിവർഷം ശരാശരി 299 കോടി രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. എന്നാൽ സംസ്ഥാന റഗുലേറ്ററി കമ്മീഷൻ അത് അംഗീകരിച്ചിട്ടില്ല. |
| (ബി) | ഈ വൈദ്യുതി നിലയം കെ.എസ്.ഇ.ബി. ഏറ്റെടുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം റഗുലേറ്ററി കമ്മീഷൻ ബോർഡിന് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ സാധ്യതകൾ ബോർഡ് പരിശോധിച്ചിട്ടുണ്ടോ; | (ബി) | നാഫ്ത എന്ന ഇന്ധനം ഉപയോഗിച്ച് കായംകുളം താപ നിലയത്തിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില വളരെ കൂടുതൽ ആയതിനാൽ ടി നിലയത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നില്ല. എങ്കിൽ കൂടി എൻ.റ്റി.പി.സി.ക്ക് നൽകി വരുന്ന ഫിക്സഡ് ചാർജ്ജ് കേന്ദ്ര ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ വർദ്ധിപ്പിച്ച് ഉത്തരവ് ഇറക്കിയ സാഹചര്യത്തിൽ ഇതിൽ മേൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ചില തടസ്സവാദങ്ങൾ രേഖപ്പെടുത്തുകയും വർഷം തോറും എൻ.റ്റി.പി.സി. യ്ക്ക് നൽകുന്ന |

| | | | |
|---|---|---|---|
| | | | ഭീമമായ തുക കുറയ്ക്കുന്നതിനു വേണ്ടി ചർച്ചകൾ നടത്തുവാനോ ഇതിനു പകരമായി ഇതര നിലയങ്ങളിൽ നിന്നും വില കുറഞ്ഞ വൈദ്യുതി ലഭ്യമാക്കുവാനോ ഉള്ള നടപടികൾ സ്വീകരിക്കണമെന്നും ടി കാര്യങ്ങൾ പ്രാവർത്തികമാക്കാൻ പറ്റാത്ത സാഹചര്യത്തിൽ ടി നിലയം ഏറ്റെടുക്കുന്നതിനെക്കുറിച്ച് പരിശോധിക്കാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൻ പ്രകാരം ഫിക്സഡ് ചാർജ്ജിൽ കുറവ് വരുത്തുന്നതിനും കേന്ദ്ര ഗവൺമെൻറിൽ നിന്നും കുറഞ്ഞ വിലയുള്ള വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇവ നടക്കാത്ത പക്ഷം മാത്രമേ നിലയം ഏറ്റെടുക്കുന്നതിനെക്കുറിച്ച് സാധ്യതകൾ പരിശോധിക്കുകയുള്ളൂ. |
| (സി) | ഈ വൈദ്യുതനിലയത്തിൽ നിന്നും ലാഭകരമായി വൈദ്യുതി ലഭിക്കുന്ന തരത്തിൽ ഈ വിഷയത്തിൽ എന്ത് മാറ്റമാണ് ബോർഡും സർക്കാരും പരിഗണിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (സി) | മാറ്റങ്ങൾ ഒന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ